(ബി) ഈ പദ്ധതികളിലൂടെ എന്തു തുക ഉല്പാദന മേഖലയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വ്യവസായ നിക്ഷേപത്തിനു അനുയോജ്യമായ വ്യവസായ നയവും വിവരസാങ്കേതികനയവും പ്രഖ്യാപിച്ചു. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരുക്കിയിട്ടുള്ള വ്യവസായവളർച്ചാ കേന്ദ്രങ്ങൾ, പാർക്കുകൾ എന്നിവ സ്ഥാപിച്ചുവരുന്നു. ഐ.ടി., ബയോടെക്നോളജി തുടങ്ങിയ ഹൈടെക് വ്യവസായ സംരംഭകർക്കായി വെൻചർ കാപ്പിറ്റൽ ഫണ്ട് രൂപീകരിക്കുന്നു. വിവിധ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കളമൊരുക്കുന്നു. അതായത് വിമാനത്താവളം, പാലം, റോഡ്, വൈദ്യുതി, തുറമുഖം എന്നിവ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ടെക്നോപാർക്ക് ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്കാകർഷിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് സ്ഥാപിച്ചു. കൊച്ചിയിൽ ഹൈടെക്പാർക്കു രൂപീകരിക്കുന്നതിനു നടപടി ആരംഭിച്ചുകഴിഞ്ഞു.

(ബി) കെ.എസ്.ഐ.ഡി.സി. യുടെ സഹായ സഹകരണത്തോടെ പ്രവാസികൾ ആരംഭിച്ചിട്ടുള്ള വ്യവസായങ്ങളിൽ ആകെ മുതൽമുടക്ക് 303 കോടി രൂപയാണ്. ടെക്നോപാർക്കിൽ 2270 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

6 (*122) ജനകീയാസൂത്രണപദ്ധതി ഫലപ്രദമാക്കാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണപദ്ധതി പൂർണ്ണമായും ഫലപ്രദമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിക്കായി അനുവദിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ജനകീയാസൂത്രണപദ്ധതി നടത്തിപ്പിൽ ക്രമക്കേടുകളും തിരിമറികളും നടത്തുന്നത് തടയാൻ സ്ഥിരവും കൃത്യവുമായ ആഡിറ്റിംഗ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് ഈ നടപടി പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സർക്കാർ ഇതിനകം ആരംഭിച്ചുകഴിഞ്ഞ അന്വേഷണ ആഡിറ്റിംഗ് സംവിധാനത്തിന്റെ വിശദാംശം നൽകുമോ;

(ജി) പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റിംഗ് നടത്തുന്നതിനുള്ള അധികാരം അതേ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ തന്നെയാണോ ഏൽപ്പിച്ചിട്ടുള്ളത്; എങ്കിൽ ഇത് ഫലപ്രദമാകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) പദ്ധതി രൂപീകരണവും നിർവ്വഹണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ എന്നതാണ് ജനകീയാസൂത്രണ പദ്ധതിയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ആസൂത്രണ നിർവ്വഹണ കാര്യശേഷി വർദ്ധിപ്പിക്കാനുള്ള നിരവധി നടപടികൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനപദ്ധതിയുടെ ഏകദേശം 40% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും പദ്ധതി രൂപീകരണവും നിർവ്വഹണവും ഏറ്റെടുക്കുവാനായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, വിദഗ്ദ്ധർ എന്നിവർക്കായി പല ഘട്ടങ്ങളിൽ പരിശീലനം നൽകുകയും കൈപുസ്തകങ്ങൾ തയ്യാറാക്കുകയും പ്രോജക്ടുകൾ തയ്യാറാക്കാൻ കർമ്മ സമിതികൾ രൂപീകരിക്കുകയും പ്രോജക്ടുകളുടെ സാങ്കേതിക പരിശോധനയ്ക്കായി ബ്ലോക്ക് ജില്ലാതലങ്ങളിലും നഗരസഭകളിലും വിദഗ്ദ്ധസമിതികൾ രൂപീകരിക്കുകയും ചെയ്തു. ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാനായി കോ-ഓർഡിനേഷൻ സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രസ്തുത സമിതി ആഴ്ചതോറും യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ എടുക്കാറുണ്ട്. അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങൾ വിധേയമല്ലാത്ത തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വക മാറ്റി വിനിയോഗിക്കുന്ന തുക ഡിസ്സലവൻസായി കണക്കാക്കി ടി.തുക അടുത്തവർഷം അർഹതയുള്ള പദ്ധതി വിഹിതത്തിൽനിന്നും കുറവുചെയ്ത ശേഷം ബാക്കി തുകയേ നൽകുകയുള്ളൂ. പദ്ധതി പ്രവർത്തനങ്ങൾ ഗവൺമെന്റ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തുകയാണെങ്കിൽ അവയിൻമേൽ നടപടി സ്വീകരിക്കുവാൻ ഗ്രീവൻസ് എൻക്വയറി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തുക വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുവാൻ പെർഫോർമൻസ് ആഡിറ്റ് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണഗ്രാമസഭകൾ ചേരുന്നതു സംബന്ധിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ രൂപീകരണത്തിനും നിർവ്വഹണത്തിനും സഹായകരമായി ഇതിനകം മുന്നൂറിൽപ്പരം സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പദ്ധതിവിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് ഡിപ്പാർട്ടുമെന്റ് തലത്തിലും കൂടാതെ പൊതുതലത്തിൽ ജില്ലാ കളക്ടർ/ജില്ലാ പ്ലാനിംഗ് സമിതി ചെയർമാന്റെ സാന്നിദ്ധ്യത്തിൽ നഗരസഭാ ചെയർമാൻമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ജില്ലാപ്ലാനിംഗ് ഓഫീസർമാർ, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് മാസംതോറും നിശ്ചിത തീയതിയിൽ യോഗം വിളിച്ചുകൂട്ടുന്നതാണ്. ഇങ്ങനെ വിളിച്ചുകൂട്ടുന്ന യോഗത്തിൽ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചുള്ള പുരോഗതി/റിപ്പോർട്ട് ബന്ധപ്പെട്ട നഗരസഭാ ചെയർമാൻ/പഞ്ചായത്ത് സെക്രട്ടറിമാർ സമർപ്പിക്കുന്നതാണ്. ഇപ്രകാരം സമർപ്പിക്കുന്ന റിപ്പോർട്ട് അവലോകനം ചെയ്തശേഷം ജില്ലാ കളക്ടർ ജില്ലാതലയോഗത്തിൽ ഉരുത്തിരിഞ്ഞ കാര്യങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് സംസ്ഥാനതല ഉന്നതാധികാര സമിതി മുൻപാകെ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിക്ക് ഓരോ മാസവും 20-ാം തീയതിയ്ക്കുമുൻപായി നൽകേണ്ടതാണ്. സംസ്ഥാനതലത്തിൽ തദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

ഭരണ വകുപ്പുമന്ത്രി എല്ലാ മാസവും 15-ാം തീയതിയോ അതിനടുത്ത ദിവസമോ ഒരു അവലോകനയോഗം വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നുണ്ട്. ഇതിനുപുറമേ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്ലാൻ അവലോകനവും നടത്തുന്നുണ്ട്. പദ്ധതി തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം എന്നിവ പരിശോധന നടത്തുന്നുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ഉദ്യോഗസ്ഥ പുനർവിന്യാസം സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റ് പരിഗണിച്ചു വരുന്നു.

(എഫ്) 12-8-99-ലെ ജി.ഒ.(പി)158/99/തദ്ദേവ ഉത്തരവ് പ്രകാരം ടെക്നിക്കൽ ആഡിറ്റ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കോപ്പി അനുബന്ധമായി വയ്ക്കുന്നു.†

(ജി) ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള ടീമും ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ നേതൃത്വത്തിലും മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ റീജനൽ ജോയിന്റ് ഡയറക്ടർ മുഖേനയും, കോർപ്പറേഷനുകളിലും ജില്ലാ പഞ്ചായത്തുകളിലും ആ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ടീമുമാണ് ഓഡിറ്റിംഗ് നടത്തുന്നത്. ഇത് ഫലപ്രദമായി നടന്നുവരുന്നുണ്ട്.

7 (*123) 1977 ജനുവരി 1-ന് മുമ്പ് വനഭൂമി കൈയേറിയവർക്ക് പട്ടയം നൽകുന്നതിന് നടപടി

ശ്രീ. പി. രാഘവൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ആന്റണി രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി 1-ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഹെക്ടർ വനഭൂമിയാണ് പട്ടയം നൽകാനുദ്ദേശിക്കുന്നത്;

(സി) മലയോര കർഷകർക്ക് പട്ടയം വിതരണം ചെയ്യുന്ന പ്രവർത്തനത്തിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഉപദേശക സമിതികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഈ ഉപദേശകസമിതികൾ രൂപീകരിക്കുന്നതെന്ന് വിശദമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly